1998-ൽ ഭവനരഹിതരായവരാണ് ബൈപാസ് നിർമ്മാണത്തിനായുള്ള സ്ഥലം കയ്യേറി കുടിൽ കെട്ടി താമസിക്കുന്നത്.

(സി) 1993-ലും, 1996-ലും, 1998-ലും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് സമർപ്പിച്ച നിർദ്ദേശങ്ങളിൽ വേണ്ടത്ര വിശദാംശങ്ങൾ ഇല്ലാതിരുന്നതിനാൽ വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് കിട്ടിയാലുടനെ സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

96 (1322) നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.എ. ചന്ദ്രൻ :
ഡോ. എം.എ. കുട്ടപ്പൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലവർഷത്തിൽ നാശനഷ്ടം നേരിടുന്നവർക്കുള്ള സഹായങ്ങൾ വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

കാലതാമസം ഒഴിവാക്കുന്നതിനായി മുൻകരുതലുകളെടുക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കളക്ടർമാർക്ക് 15.5.1999-ൽ നൽകിയിരുന്നു. കൂടാതെ ആവശ്യമായ ഫണ്ടും മുൻകൂറായിത്തന്നെ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിരുന്നു. സ്ഥിതി വിലയിരുത്തുന്നതിനായി എല്ലാ ജില്ലകളിലും കൺട്രോൾ റൂം തുറന്ന് അന്നന്നത്തെ സ്ഥിതി വിലയിരുത്തിയിരുന്നു. 1998-ലെ കാലവർഷംമൂലം വീടുകൾ തകർന്നതുൾപ്പെടെ ദുരിതം അനുഭവിച്ച ഏതാനും പേരുടെ ധനസഹായത്തിനുള്ള അപേക്ഷകൾ ഇനിയും തീരുമാനമാകാതെ അവശേഷിക്കുന്നത് എത്രയും വേഗം തീർപ്പ് കൽപ്പിക്കുവാനും അർഹരായവർക്ക് ധനസഹായം നൽകുവാനും അടിയന്തിര നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

20.6.1999-ൽ റവന്യൂ വകുപ്പുമന്ത്രി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സ്ഥിതി അവലോകനം ചെയ്യുവാൻ വിളിച്ചു കൂട്ടിയ ജില്ലാ കളക്ടർമാരുടെ യോഗത്തിൽ പരാതിക്കിടനൽകാതെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തണമെന്നും, കാലവർഷംമൂലം വീടുകൾ തകർന്നതുൾപ്പെടെ ദുരിതം അനുഭവിച്ചവർക്ക് നൽകേണ്ട ധനസഹായം കാലതാമസം ഉണ്ടാകാതെ നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

97 (1323) ബി.ഡി.ഒ. മാരുടെ പ്രവർത്തനരീതി

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly